## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ :110** — 01-07-2015-ൽ മറുപടിക്ക്

**ഭക്ഷ്യ വസ്തുക്കളിലെ വിഷാംശം**

**ചോദ്യം**

ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ
ശ്രീ.എം.ഉമ്മർ
ശ്രീ.പി.കെ.ബഷീർ
ശ്രീ.സി.മോയിൻ കുട്ടി.

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഭക്ഷ്യ വസ്തുക്കളിലെ കീടനാശിനികളും, മറ്റു രാസ വസ്തുക്കളും മൂലം ജനങ്ങളുടെ ആരോഗ്യം നശിച്ച് മരണപ്പെടുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ ഭക്ഷ്യ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | ഇത്തരം വാർത്തകൾ ദൃശ്യ-ശ്രാവ്യ മാദ്ധ്യമങ്ങളിലൂടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉപഭോക്തൃസംരക്ഷണനിയമം -1986, ഒരു ഉപഭോക്താവിന് നൽകുന്ന ഏറ്റവും പ്രധാനപ്പെട്ട അവകാശങ്ങളിൽ ഒന്നാണ് 'സുരക്ഷയ്ക്കുള്ള അവകാശം'. ഇതിന്റെ അടിസ്ഥാനത്തിൽ ലോകഭക്ഷ്യദിനാചരണം, ദേശീയ ഉപഭോക്തൃദിനാചരണം, ലോക ഉപഭോക്തൃഅവകാശദിനാചരണം എന്നീ അവസരങ്ങളിൽ ഭക്ഷ്യവസ്തുക്കളിലെ മായം, അവയുടെ ദോഷഫലങ്ങൾ, നല്ല ഭക്ഷണം കഴിക്കേണ്ടതിന്റെ ആവശ്യകത എന്നീ വിഷയങ്ങളെ സംബന്ധിച്ച് ബോധവത്കരണ ക്ലാസുകൾ വിഷയവിദഗ്ധരെ ഉൾപ്പെടുത്തി സംഘടിപ്പിക്കാറുണ്ട്. കൂടാതെ സ്കൂൾ കൺസ്യൂമർ ക്ലബ്ബുകൾവഴി വിദ്യാർത്ഥികളിൽ ബോധവത്കരണവും നടത്തിവരുന്നു. മായം കലർന്ന ഭക്ഷണങ്ങൾ കണ്ടുപിടിക്കുന്നതും നടപടികൾ എടുക്കുന്നതും ആരോഗ്യവകുപ്പിന് കീഴിലുള്ള ഫുഡ് സേഫ്റ്റി വിഭാഗമാണ്. അവർ സമയോചിത ഇടപെടലുകൾ നടത്തുന്നുണ്ട്. |
| (ബി) | ജൈവ ഉല്പന്നങ്ങളെന്ന് പരസ്യപ്പെടുത്തി കൂടുതൽ വില ഈടാക്കി വില്പന നടത്തുന്ന പച്ചക്കറികളും, അരിയുമുൾപ്പടെയുള്ള ഭക്ഷ്യവസ്തുക്കളിൽ പലതും വിഷാംശവും, മറ്റ് രാസമാലിന്യങ്ങളും നിറഞ്ഞതാണെന്ന പരാതികളിൽ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ; | (ബി) യും (സി) | ഭക്ഷ്യ വസ്തുക്കളിലെ കീടനാശിനികളുടേയും രാസവസ്തുക്കളുടേയും സാന്നിദ്ധ്യം സംബന്ധിച്ച് നടപടിയെടുക്കേണ്ടത് ആരോഗ്യവകുപ്പാണ്. |
| (സി) | ഇത്തരം തട്ടിപ്പുകൾക്കെതിരെ ഫലപ്രദമായ നടപടി സ്വീകരിക്കുമോ? | | |

Beena

**സെക്ഷൻ ഓഫീസർ**